# ദസ്തയേവ്സ്കിയുടെ കഥ

കെ. സുരേന്ദ്രൻ



റഷ്യൻ സാഹിത്യകാരനായ ദസ്തയേവ്സ്കിയുടെ ജീവിതത്തെക്കാൾ നാടകീയവും ഉദ്വേഗജനകവും നാനാഭാവബഹുലവുമായ കഥ ഒരു നോവലിസ്റ്റിനും വിഷയമായി ലഭിച്ചിട്ടില്ല - അദ്ദേഹത്തിനുപോലും. അത്രയേറെ ആന്തരവൈരുദ്ധ്യങ്ങൾ നിറഞ്ഞ വ്യക്തിയായിരുന്നു അദ്ദേഹം.

ആത്മക്ഷതങ്ങളുടെ ഘോഷയാത്രയായിരുന്നു ആ ജീവിതം. എത്രയെത്ര അഗ്നികുണ്ഡങ്ങളിലൂടെയും രാസക്രിയകളിലൂടെയുമാണ് വിധി അദ്ദേഹത്തെ കടത്തിവിട്ടത്. ശപ്തവും ദാരുണവും യാതനാമയവുമായ ആ ജീവിതകഥ ഏത് ഹൃദയത്തെയും ആഴത്തിൽ സ്പർശിക്കും.

ദസ്തയേവ്സ്കിയുടെ ജീവിതകഥ കെ. സുരേന്ദ്രൻ യഥാതഥമായി പറയുകയാണ്. നോവലിന്റെ രസനീയതയും ജീവചരിത്രത്തിന്റെ കെട്ടുറപ്പും ഒന്നുപോലെ ഇതിൽ സമന്വയിച്ചിരിക്കുന്നു.

കവർ ഡിസൈൻ: അരുൺ പി ജെ. / ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡി സി ബുക്സ്

www.dcbooks.com

ISBN 81-264-0957-6

9 788126 409570 00003

ജീവചരിത്രം

E-book available

₹ 399


കെ. സുരേന്ദ്രൻ • ദസ്തയേവ്സ്കിയുടെ കഥ

DCB

കെ. സുരേന്ദ്രൻ

# ദസ്തയേവ്സ്കിയുടെ കഥ

3-ാം പതിപ്പ്



വിശ്രുത സാഹിത്യകാരൻ ദസ്തയേവ്സ്കിയുടെ ദാരുണവും യാതനാപൂർണ്ണവുമായ ജീവിതകഥ

200

DCB

College Of Avian Sciences
LIBRARY
2438
KVASU Thiruvazhamkunnu 678 601

ദസ്തയേവ്സ്കിയുടെ കഥ

54
2438
LIBRARY
KVASU Thiruvazhamkunnu

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

**Acc. No.** 2438 **Call No.**.........................

**This book should be returned on or before the date last given below.**

| | | |
|---|---|---|
| | | |

## കെ. സുരേന്ദ്രൻ

(1922-1997)

1922 ഫെബ്രുവരി 22-ന് കൊല്ലത്ത് ഓച്ചിറയിൽ ജനിച്ചു. കായംകുളം ഹൈസ്കൂളിലും ഇലക്ട്രിക്കൽ എൻജിനീയറിങ് ഡിപ്ലോമയ്ക്ക് തിരുവനന്തപുരം എൻജിനീയറിങ് കോളജിലും പഠിച്ചു. ടെലിഫോൺ ഡിപ്പാർട്ട്മെന്റിൽനിന്ന് വിരസതമൂലം, 43-ാമത്തെ വയസ്സിൽ സ്വയം പിരിഞ്ഞ് മുഴുവൻസമയവും സാഹിത്യവൃത്തിയിൽ ഏർപ്പെട്ടു. വയലാർ അവാർഡ്, കേരളസാഹിത്യ അക്കാദമി അവാർഡ് എന്നിവ ലഭിച്ചു. '*മായ, സീതായനം, ശക്തി, ജ്വാല, ഭിക്ഷാംദേഹി, ദീപസ്തംഭം, താളം, കാട്ടുകുരങ്ങ്, നാദം, സുജാത, അരുണ, കരുണാലയം* (നോവലുകൾ), *ബലി, അരക്കില്ലം, പളുങ്കുപാത്രം, അനശ്വരമനുഷ്യൻ* (നാടകങ്ങൾ), *കലയും സാമാന്യജനങ്ങളും, മനുഷ്യാവസ്ഥ, സ്വാതന്ത്ര്യംതന്നെ ജീവിതം, തൂവലും ചങ്ങലയും, വ്യക്തിയും സമുദായവും, മഹത്സന്നിധിയിൽ, സുരേന്ദ്രന്റെ പ്രബന്ധങ്ങൾ* (ഉപന്യാസങ്ങൾ), *നോവൽ സ്വരൂപം, സൃഷ്ടിയും നിരൂപണവും, പ്രേമത്തെക്കുറിച്ച് ഒരു പുസ്തകം* (ചർച്ചാഗ്രന്ഥങ്ങൾ), *കുമാരനാശാൻ, ടോൾസ്റ്റോയിയുടെ കഥ, ദസ്തയേവ്സ്കിയുടെ കഥ* (ജീവചരിത്രങ്ങൾ), *ജീവിതവും ഞാനും* (ആത്മകഥ) തുടങ്ങി നാല്പതോളം കൃതികൾ. 1994-ൽ കേരളസാഹിത്യ അക്കാദമി ഫെല്ലോഷിപ്പ് ലഭിച്ചു. 1997 ഓഗസ്റ്റ് ഒൻപതിന് അന്തരിച്ചു.

### കെ. സുരേന്ദ്രന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

*നോവൽ*

പതാക
സീമ
ദേവി
ഗുരു
താളം
ക്ഷണപ്രഭാചഞ്ചലം
വിശ്രമത്താവളം
മരണം ദുർബലം
ജ്വാല

*ജീവചരിത്രം*

ദസ്തയേവ്സ്കിയുടെ കഥ

*ഉപന്യാസം*

സത്യമപ്രിയം

ഡി സി ബുക്സ് പ്രസിദ്ധീകരിച്ച കെ. സുരേന്ദ്രന്റെ പുസ്തകങ്ങൾ പരിചയപ്പെടാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യൂ.

കെ. സുരേന്ദ്രൻ

# ദസ്തയേവ്സ്കിയുടെ കഥ

ഡി സി ബുക്സ്

MALAYALAM LANGUAGE
Dasthayevskiyute Katha

BIOGRAPHY
*by* K. Surendran

Rights Reserved
First Published April 1976
First DCB edition March 2005
This edition- June 2023

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Surendran, K.
Dasthayevskiyute Katha/ K. Surendran
328p; 21 cm.
ISBN 81-264-0957-6
1. Biography. I. Title.
928.917.3- dc 22

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 81-264-0957-6

Printed in India
at Manipal Technologies Limited, Manipal.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

571/23-24-Sl.No. 25054-dcb 2999-(3)-400 (LE)-13021-06-23-T4-E pk.

## മുഖവുര

എന്റെ നോവലുകൾ ജീവചരിത്രങ്ങളെപ്പോലെയാണെന്നു ചില നിരൂപകർ കുറ്റം പറഞ്ഞിട്ടുണ്ട്. പക്ഷേ, എനിക്കതു കുറ്റമായി തോന്നിയിട്ടില്ല. നടന്നത് എഴുതിവെച്ചിരിക്കുന്നു എന്ന തോന്നൽ ഉണ്ടാക്കുന്നെങ്കിൽ എന്തിനു കുറ്റം തോന്നണം? സ്വയം അനുമോദിക്കുകയല്ലേ വേണ്ടത്? അതാണു ഞാൻ ചെയ്യാറുള്ളതും.

എന്റെ ജീവചരിത്രങ്ങളെപ്പറ്റി പറയുമ്പോഴാകട്ടെ, കുറ്റം തിരിഞ്ഞു വീഴുന്നു—അവ നോവലുകളെപ്പോലെയാണെന്ന്! നടക്കാത്തത് എഴുതിവെച്ചിരിക്കുന്നു എന്ന അർത്ഥത്തിലാവണമല്ലോ. അങ്ങനെയുള്ളവർ ഈ കൃതിയെപ്പറ്റി എന്തായിരിക്കും പറയുക?...ഞാനേ പറഞ്ഞേക്കാം ഇതൊരു നോവലുപോലെയാണെന്ന്; നോവലിനെക്കാളും നോവലുപോലെയാണെന്ന്! അങ്ങനെ തോന്നിയില്ലെങ്കിലായിരിക്കും എന്റെ പരാജയം. കാരണം, ദസ്തയേവ്സ്കിയുടെ ജീവിതത്തെക്കാൾ നാടകീയവും ഉദ്വേഗജനകവും നാനാഭാവബഹുലവുമായ ഒരു രൂക്ഷകഥ ഒരു നോവലെഴുത്തുകാരനും കിട്ടിയിട്ടില്ല—അദ്ദേഹത്തിനുപോലും.

ഏതാണ്ടു കാൽ നൂറ്റാണ്ടിനുമുമ്പ് ടോൾസ്റ്റോയിയുടെ യുഗത്തിലൂടെ സഞ്ചരിച്ചപ്പോഴാണ് വഴിക്ക് എതിരെയും കുറുകെയും കൂട്ടിമുട്ടിയ ഈ മഹാപ്രതിഭാസവും എന്റെയുള്ളിൽ കടന്നുകൂടിയത്. പിന്നെ കിട്ടാവുന്ന ഓരോ ഗ്രന്ഥം വായിക്കുമ്പോഴും ഈ ജീവചരിത്രസങ്കല്പം എന്റെ മനസ്സിലുണ്ടായിരുന്നു. എങ്കിലും ഇപ്പോഴേ എഴുതുവാൻ കഴിഞ്ഞുള്ളൂ. അത് ഒരു തരത്തിൽ നന്നായിതാനും. ജീവിതാനുഭവങ്ങൾ കൂടുന്നതനുസരിച്ചാണല്ലോ അതിലെ വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളും അത്രത്തോളം കൂടുതൽ നാം മനസ്സിലാക്കുന്നതും. ദസ്തയേവ്സ്കിയേക്കാൾ ആന്തര വൈരുദ്ധ്യങ്ങൾ നിറഞ്ഞ ഒരു മഹാസാഹിത്യകാരൻ വേറെ ഇല്ലതാനും.

ഈ കൃതി നോവലിനെക്കാളും നോവലാണെന്നു പറഞ്ഞു. എന്നുവച്ച് നടക്കാത്തത് എന്തെങ്കിലും ഇതിലുണ്ട് എന്ന് അല്പമെങ്കിലും ശങ്കിക്കരുത്. വസ്തുതകളെല്ലാം വസ്തുതകൾതന്നെയാണ്. വിഭിന്നങ്ങളായ സാക്ഷിമൊഴികൾ വച്ച് ഒത്തുനോക്കിയവ. വസ്തുതകളുടെ പുറകിലുള്ള ജീവനെ ഉണർത്തുവാൻ മാത്രമാണ് ഭാവന—ജീവിതബോധം. അതായതു വസ്തുതകളെ പൂർത്തീകരിക്കുവാൻ; വസ്തുതകൾക്കു ജീവൻ കൊടുക്കുവാൻ; സത്യത്തെ അവതരിപ്പിക്കുവാൻ. സത്യത്തെ

മാത്രമാണ്, എല്ലായ്പോഴുമെന്നപോലെ ഇപ്പോഴും ഞാൻ ആവോളം അവതരിപ്പിക്കുവാൻ ശ്രമിക്കുന്നത്—ശിവങ്കരവും സുന്ദരവുമായ സത്യത്തെ.

ദസ്തയേവ്സ്കിയുടെ പൈശാചികംകൂടിയായ ജീവിതത്തെ ശിവങ്കരമെന്നും സുന്ദരമെന്നും പറയുന്നത് അവയുടെ ആഴമേറിയ അർത്ഥത്തിലാണ്; സൃഷ്ടിയാണ് ഏറ്റവും വലിയ സത്യം എന്ന അർത്ഥത്തിൽ; ഏറ്റവും വലിയ നന്മയും സൗന്ദര്യവും എന്ന അർത്ഥത്തിൽ.

അഥവാ, പിശാചിന്റെ സ്പർശമേറ്റതെങ്കിലും ഇത്ര ശപ്തവും ദാരുണവും യാതനാഭരിതവുമായ ജീവിതകഥ വേദനിക്കുന്ന ഏതു ഹൃദയത്തെയാണ് സ്പർശിക്കാത്തതും ആശ്വസിപ്പിക്കാത്തതും ഒട്ടൊക്കെ പവിത്രീകരിക്കാത്തതും? വേദനയ്ക്കേ വേദനയെ സാന്ത്വനിപ്പിക്കാൻ കഴിയൂ. ഏതായാലും അതായിരുന്നു എന്റെ അനുഭവം. മനസ്സു ചിറകൊതുക്കി കൂട്ടിൽത്തന്നെ പിടഞ്ഞിരുന്ന ഒരവസ്ഥയിലാണ് ഞാനിത് എഴുതിത്തുടങ്ങിയത്—1973 ജൂൺ 19-ാം തീയതി. ഒരു നോവൽ പകുതിയാക്കി ഗതിമുട്ടി ബലം ചോർന്ന് ഇരിക്കുകയായിരുന്നു ഞാൻ. എനിക്കു തീർച്ചയായും ഒരു ശരണമായി ഭവിച്ചു ഈ കൃതി. 1974 ജൂലൈ 25-ാം തീയതി ഞാൻ ഇതു പൂർത്തിയാക്കി...

ഒരു വികാരംകൂടി എനിക്കിവിടെ രേഖപ്പെടുത്തുവാനുണ്ട്. ഒരു വിദേശീയസാഹിത്യകാരന്റെ ദീർഘവും ജടിലവുമായ ഈ ജീവചരിത്രം മാതൃഭൂമി വാരികയിൽ തുടരെ പ്രസിദ്ധീകരിക്കുവാൻ സാഹസം കാട്ടിയ പത്രാധിപർ എം.ടി. വാസുദേവൻ നായരോടുള്ള നന്ദിയാണത്. അദ്ദേഹത്തിന്റെ സാഹസത്തെ ന്യായീകരിച്ച വായനക്കാരുടെ പ്രതികരണത്തോടും എനിക്ക് അളവറ്റ നന്ദിയുണ്ട്.

കെ. സുരേന്ദ്രൻ

നവരംഗം, വഴുതക്കാട്
തിരുവനന്തപുരം-14
6-3-1976



## ഉള്ളടക്കം

പിശാചിൽ കുടിയിരിക്കുന്ന പ്രവാചകൻ .............. 9
ജീവിതത്തിലേക്ക് .............. 13
തലചുറ്റിക്കുന്ന ഉയർച്ച .............. 31
ഭീകരമായ ഒരു രാസക്രിയ .............. 58
ശവക്കുഴിയിൽ നാലു കൊല്ലം .............. 81
പ്രേമം എന്ന ആത്മക്ഷോഭം .............. 101
സമൂഹത്തിലേക്കു വീണ്ടും .............. 131
സാമൂഹിക–രാഷ്ട്രീയച്ചുഴിയിൽ .............. 143
പ്രേമം എന്ന ആത്മനിന്ദ .............. 162
അത്യാഹിതങ്ങളുടെ ഒരു ഘോഷയാത്ര .............. 179
ഒരു നായകശില്പത്തിന്റെ പ്രചോദനം .............. 200
പ്രേമം എന്ന ആത്മവിശ്രമം .............. 217
വൈരുദ്ധ്യങ്ങളുടെ ലോകോത്തരമായ ഒരു ലയം .............. 230
മെരുക്കിയെടുത്ത കാട്ടുകുതിര .............. 253
'പിശാചുക്ക'ളോട് ഒരു കുരിശുയുദ്ധം .............. 270
സുഹൃത്ത്, വഴികാട്ടി, തത്ത്വചിന്തകൻ .............. 281
കലാശക്കോട്ട .............. 295
'പ്രവാചകൻ! പ്രവാചകൻ!' .............. 310